(ബി) & (സി) ഇ.എസ്.ഐ. കോർപ്പറേഷൻ അംഗീകരിച്ച തൊഴിലില്ലായ്മ വേതന പദ്ധതിയായ രാജീവ്ഗാന്ധി ശ്രമിക് കല്യാൺയോജന 1-4-2005 മുതൽ നിലവിൽവന്നു. അതിന്റെ നിയമ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതനുസരിച്ച് ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തികൾക്ക് അവരുടെ അർഹതാ ഉപാധികൾ സ്വീകാര്യമാകുന്ന മുറയ്ക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നത് പരിഗണിക്കണമെന്നുള്ള നിർദ്ദേശം ഇ.എസ്.ഐ. കോർപ്പറേഷൻ അതിന്റെ എല്ലാ ബ്രാഞ്ച് മാനേജർമാർക്കും നൽകിക്കൊണ്ടിരിക്കുന്നു.

(ഡി) ഇൻഷ്വർ ചെയ്ത വ്യക്തി ജോലിചെയ്യുന്ന ഫാക്ടറിയുടെയോ സ്ഥാപനത്തിന്റെയോ അടച്ചുപൂട്ടലിനെത്തുടർന്ന്, 1-4-2005-നോ അതിനുശേഷമോ, സ്വമേധയാ അല്ലാതെ, ഇൻഷ്വറൻസ് ബാധകമാക്കിയിട്ടുള്ള ഒരു തൊഴിലിൽ നിന്നും പിരിഞ്ഞുപോകേണ്ടിവരുന്ന സാഹചര്യത്തിൽ ഇൻഷ്വർ ചെയ്ത ഒരു തൊഴിലിൽ 5 വർഷമോ അതിലധികമോ കാലം പ്രതിമാസ തുക അടച്ചതിനു ശേഷം തൊഴിലിൽ നിന്നും പുറത്താകൽ അല്ലെങ്കിൽ സ്ഥിരമായി ജോലി ചെയ്യാനുള്ള കഴിവില്ലായ്മ (കേന്ദ്രസർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ നിയമിച്ച ഒരു മെഡിക്കൽ ബോർഡ് സർട്ടിഫൈ ചെയ്ത തൊഴിലിനോട് ബന്ധപ്പെട്ടതല്ലാത്ത 50% കുറയാത്ത പരിക്ക് ഉണ്ടായിരിക്കണം) എന്നിവയ്ക്ക് വിധേയരായ വ്യക്തികൾക്ക് അവരുടെ മൊത്തം സേവന കാലത്തിനിടയ്ക്ക് ഏറ്റവും കൂടുതൽ 6 മാസത്തേക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും.

(ഇ) തൊഴിലെടുത്ത് സമ്പാദിക്കാനുള്ള കഴിവ് ഇല്ലാതാക്കുന്ന രീതിയിലുള്ളതും തൊഴിലിനോട് ബന്ധപ്പെട്ടതുമായ പൂർണ്ണമോ, ഭാഗികമോ ആയ സ്ഥായിയായ പരിക്കിനോ അംഗവൈകല്യത്തിനോ വിധേയനാകുന്ന ഒരു വ്യക്തിക്ക് അയാൾ ഇൻഷ്വർ ചെയ്തിട്ടുള്ള ആളാണെങ്കിൽ സമ്പാദിക്കാനുള്ള കഴിവില്ലായ്മയുടെ തോതിനെ സംബന്ധിച്ച് നിയമാനുസൃതം രൂപീകരിക്കപ്പെട്ട ഒരു മെഡിക്കൽ ബോർഡിന്റെ ശുപാർശയ്ക്ക് വിധേയമായി ജീവിതകാലം മുഴുവൻ പെൻഷന്റെ സ്വഭാവത്തിലുള്ള സ്ഥിരം വൈകല്യവേതനത്തിന് ഇ.എസ്. ഐ. ആക്ട്/നിയമങ്ങൾ പ്രകാരം അർഹതയുണ്ട്. ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തികൾക്ക് ഈ ആവശ്യത്തിന് ഇ.എസ്.ഐ. കോർപ്പറേഷന്റെ ബ്രാഞ്ച് ആഫീസർമാരെ സമീപിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം

42 [1362] *ശ്രീ. ഉമേഷ് ചള്ളിയിൽ:*
,, *കെ. കെ. ഷാജു :*
,, *എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കെ.എസ്.ആർ.ടി.സി. ക്ക് ഉണ്ടായിരുന്ന ബസ്സുകളുടെ എണ്ണം എത്രയായിരുന്നവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര ബസ്സുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(സി) നിലവിൽ എത്ര ഷെഡ്യൂളുകളിലാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്;

(ഡി) ഇക്കാലയളവിൽ വരുമാനത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1-9-2004-ൽ കെ.എസ്.ആർ.ടി.സി.-ക്ക് 4449 ബസ്സുകൾ ഉണ്ടായിരുന്നു.

(ബി) 4858 ബസ്സുകൾ ഉണ്ട്.

(സി) 4236 ഷെഡ്യൂളുകൾ നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ഡി) 2004 ആഗസ്റ്റ് മാസം (ഈ സർക്കാർ അധികാരത്തിൽ വന്നതിനുമുന്നിലത്തെ മാസം) പ്രതിദിന ശരാശരി വരുമാനം 1 കോടി 89 ലക്ഷം രൂപ ആയിരുന്നു. ഇപ്പോൾ 2005 ജൂൺ മാസത്തിൽ പ്രതിദിന ശരാശരി വരുമാനം 2 കോടി 21 ലക്ഷം രൂപ ആകുന്നു.

ശരാശരി പ്രതിദിന വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് 15 ലക്ഷം രൂപയാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണിയും ബോഡി നിർമ്മാണവും

43 [1363] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്ന് പറയാമോ;

(ബി) ഇവയിൽ എത്ര ബസ്സുകളുടെ ബോഡി നിർമ്മാണം സംസ്ഥാനത്തിനകത്ത് നിർവ്വഹിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly